# ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ

**ഇടുക്കി സിവിൽ സ്റ്റേഷൻ ഇടുക്കി പൈനാവ് പി.ഒ. പിൻ. 685603**

E-Mail.info@dtpcidukki.com ഫോൺ. 04862232248


---

നം.ഡി.റ്റി.പി.സി/എ1/260/2015 തീയതി: 09/11/2020.

## ക്വട്ടേഷൻ നോട്ടീസ്

ഇടുക്കി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ അധീനതയിൽ ഉള്ള താഴെ വിവരിക്കുന്ന കെട്ടിടങ്ങൾ 11 മാസത്തേക്ക് നിശ്ചയിക്കുന്ന വാടക മുൻകൂറായി അടച്ച് എഗ്രിമെന്റ് വയ്ക്കണമെന്ന വ്യവസ്ഥയോടെ ഏറ്റെടുത്ത് നടത്തുന്നതിനുള്ള അവകാശം ലഭിക്കുന്നതിന് സീൽ ചെയ്ത ടെൻഡർ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ വിവരം | കെട്ടിവയ്ക്കേണ്ട ഡെപ്പോസിറ്റ് തുക |
|---|---|---|
| 1. | മുണ്ടക്കയം കുട്ടിക്കാനം റൂട്ടിൽ പുല്ലുപാറയിൽ ഉള്ള രണ്ട് കടമുറിയും ടൊയ്‌ലറ്റ് ബ്ലോക്കും ഉള്ള കെട്ടിടം | രൂപ 100000/- |
| 2. | അരുവിക്കുഴി ടൂറിസം സെന്ററിലുള്ള അമിനിറ്റി സെന്റർ കെട്ടിടത്തിലെ താഴത്തെ നിലയും അതിനോട് അനുബന്ധിച്ചുള്ള ഏരിയയും | രൂപ 100000/- |

### നിബന്ധനകൾ.

1. സീൽ ചെയ്ത ക്വട്ടേഷനോടൊപ്പം ഡി.റ്റി.പി.സി സെക്രട്ടറി പേരിൽ ഇടുക്കി ബ്രാഞ്ചിൽ മാറാവുന്ന 5000/- രൂപയുടെ ഡി.ഡി. ചേർത്തിരിക്കേണ്ടതാണ്.
2. കെട്ടിടങ്ങൾക്ക് 11 മാസത്തേക്ക് നൽകാൻ തയ്യാറുള്ള വാടകയാണ് ക്വട്ടേഷനിൽ ചേർക്കേണ്ടത്.
3. കാലാവധിക്ക് ശേഷം തുടർന്ന് വാടകക്ക് എടുക്കുവാൻ ഉദ്ദേശിക്കുന്ന പക്ഷം ആദ്യ എഗ്രിമെന്റ് കാലാവധി തീരുന്നതിന് 1 മാസം മുൻപ് അപേക്ഷ നൽകേണ്ടതും നിശ്ചയിക്കുന്ന വാടക മുൻകൂറായി അടച്ച് എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്.(2 തവണ കൂടി മാത്രം)
4. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് ഏത് കെട്ടിടത്തിനുള്ളതെന്ന് ചേർത്തിരിക്കേണ്ടതാണ്.
5. ക്വട്ടേഷൻ 24.11.2020-ാം തീയതി ഉച്ചക്ക് ശേഷം 3 മണി വരെ ഇടുക്കി സിവിൽ സ്റ്റേഷനിൽ ഉള്ള ഡി.റ്റി.പി.സി ആഫീസിൽ നേരിട്ടോ തപാൽ മുഖേനയോ സ്വീകരിക്കുന്നതാണ്.
6. ക്വട്ടേഷനുകൾ സമർപ്പിക്കുന്നവർ എല്ലാം നിർബന്ധമായും ക്വട്ടേഷൻ തുറക്കുന്ന സമയം ഹാജരാകേണ്ടതാണ്. ഹാജരാകാത്ത പക്ഷം ഇ.എം.ഡി തുക നഷ്ടപ്പെടുന്നതാണ്.
7. ക്വട്ടേഷനുകൾ 25.11.2020 രാവിലെ 11.30-ന് ഹാജരാകുന്ന ടെൻഡർമാരുടെ സാന്നിദ്ധ്യത്തിൽ ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ തുറക്കുന്നതും ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ആളുടെ പേരിൽ ക്വട്ടേഷൻ താൽകാലികമായി ഉറപ്പിക്കുന്നതും ടി യാൻ ക്വട്ടേഷനിലെ തുക പൂർണ്ണമായും അപ്പോൾ തന്നെ അടക്കേണ്ടതുമാണ്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിക്കുന്ന മുറക്ക് സമയ പരിധിക്കുള്ളിൽ സെക്യൂരിറ്റി തുക അടച്ച് എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്.

മേൽ വിവരിച്ചവ കൂടാതെ ക്വട്ടേഷൻ സംബന്ധിച്ച പൊതു നിബന്ധനകൾ എല്ലാം ഇതിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഡി.റ്റി.പി.സി ആഫീസുമായി ബന്ധപ്പെടുക ഫോൺ. 04862 232248

DISTRICT TOURISM PROMOTION COUNCIL PAINAVU P.O. Pin - 685 603.

(ഒപ്പ്)
സെക്രട്ടറി
ഡി.റ്റി.പി.സി ഇടുക്കി.